# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 21/08/2015

## (05 DHUL QADDAH 1436 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

# Amanah & Khiyanna / വിശ്വസ്തതയും വഞ്ചനയും

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം പറഞ്ഞു.

വിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. **"നിങ്ങളിൽ വിശ്വസിച്ചേൽപ്പിച്ചത് നിങ്ങൾ തിരികെ കൊടുക്കുക. നിങ്ങളോട് വഞ്ചന കാണിക്കുന്ന ഒരാളെപ്പോലെ നിങ്ങൾ ഒരാളോടും വഞ്ചന കാണിക്കരുത്"** (അബൂദാവൂദ്) അമാനത്ത് സത്യസന്ധതയാകുന്നു. സത്യസന്ധത എന്നത് അവകാശങ്ങളെയും ഉത്തരവാദിത്വങ്ങളെയും ആദരിക്കലാണ്. ഒരാൾ തന്റെ ഉത്തരവാദിത്വങ്ങൾ സ്വയം കയ്യേൽക്കലാണത്. അല്ലാഹു (ത) നമ്മെ വിശ്വസിച്ചേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണമാണത്. നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലൂടെ, ഒരാൾക്കവകാശപ്പെട്ട കാര്യങ്ങൾ നാം തിരികെ നൽകുകയാണ് ചെയ്യുന്നത്. വിശ്വാസം എന്നത് വിശ്വസിച്ചേൽപ്പിക്കുന്ന ഒരു വസ്തുവാണ്. മതപരമായ ഉത്തരവാദിത്വങ്ങൾ അനുഷ്ഠിക്കുക എന്നത്, അതായത്, നമസ്ക്കാരം അനുഷ്ഠിക്കുക, വ്രതാനുഷ്ഠാനം നിർവ്വഹിക്കുക, സക്കാത്ത് നൽകുക, ഹജ്ജ് കർമ്മം നിർവ്വഹിക്കുക, എന്തിനേറെ പറയുന്നു, വൂസൂഅ് എടുക്കലും കുളിയും ഒക്കെ അമാനത്തുകൾ തന്നെയാണ്. മുസ്ലീം വിശ്വാസ സിദ്ധാന്തങ്ങളും ഇസ്ലാമിക നിയമങ്ങളും സസൂക്ഷ്മം പഠിക്കുക എന്നത് ഒരു അമാനത്താകുന്നു. ആത്മാർത്ഥത നിറഞ്ഞതും അർപ്പണ ബോധത്തോടെയും നൽകുന്ന ഉപദേശവും അമാനത്തു തന്നെ. ഇസ്ലാം മതം പഠിപ്പിക്കുന്നതും അമാനത്താകുന്നു. നന്മയോടൊപ്പം ചേരലും തിന്മയെ തടയലും, അതായത് ഹറാമിനെയും അനീതിയെയും തടയുക എന്നതും അമാനത്തു തന്നെ.

അമാനത്ത് (വിശ്വസിച്ചേൽപ്പിക്കൽ) എന്നതിന്റെ വിപരീതമാകുന്നു **"ഖിയാനത്ത്"** അഥവാ വിശ്വാസ വഞ്ചന. അത് ഒറ്റിക്കൊടുക്കുക, ചതിക്കുക, ദ്രോഹിക്കുക, വഴിതെറ്റിക്കുക, കുടിലതകാണിക്കുക മുതലായവയാകുന്നു. കള്ളം പറയൽ, മോശപ്രവർത്തി ചെയ്യൽ, ചതിക്കൽ, വഞ്ചിക്കൽ, ഇവയൊക്കെ ഖിയാനത്തിന്റെ ഭാഗങ്ങളാണ്. അമാനത്ത് എന്നത്, നല്ല, നിഷ്കളങ്കതയുള്ള ഒരു സമ്പൂർണ്ണ വിശ്വാസിയുടെ (മുഅ്മിൻ) ലക്ഷണങ്ങളാകുന്നു. ഖിയാനത്ത് എന്നത് കപട വിശ്വാസിയുടെ ലക്ഷണങ്ങളുമാകുന്നു.

അമാനത്തിനെ നമുക്ക് ലഘൂകരിച്ചു പറഞ്ഞാൽ അത് തങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നു എന്ന് ഉറപ്പു വരുത്തലാണ്. അതിന്റെ സ്ഥാനം സദഖയായും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അധികമായി ചെലവഴിക്കുന്നതിനും അപ്പുറമാണ്. അല്ലാഹു (ത) കല്പ്പിച്ചിരിക്കുന്നു. ഒന്നാമതായി മരണപ്പെട്ടവരുടെ കടബാധ്യതകൾ ആദ്യമേ കൊടുത്തു തീർക്കുക. കാരണം അത് അദ്ദേഹത്തിൽ നിക്ഷിപ്തമായതും മറ്റുള്ളവർക്കു നൽകേണ്ടതുമായ അമാനത്താകുന്നു.രണ്ടാമത് ഒസ്വിത്തു പ്രകാരം അനുഭവാവകാശികൾക്കുള്ളതു നൽകുക; അതേ തുടർന്ന് അനന്തരാവകാശ സ്വത്തുക്കൾ അനന്തരാവകാശികൾക്ക് വീതിച്ചെടുക്കാവുന്നതാണ്.

പ്രവാചകൻമാരുടെ ഒരു വ്യക്തിത്വ മഹിമാ വിലാസമാണ് അമാനത്തിനെ ആദരിക്കുക എന്നത്. നമ്മുടെ പ്രിയങ്കരരായ പ്രവാചകൻ മുഹമ്മദ് (സ) കിഴക്കൻ റോമ ചക്രവർത്തിയെയും അദ്ദേഹത്തിന്റെ ജനതെയും ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് ഒരു കത്ത് അയക്കുകയുണ്ടായി. നമ്മുടെ പ്രിയ പ്രവാചകരെ സംബന്ധി

ച്ചുള്ള ശരിയായ വിവരങ്ങൾ അറിയുവാൻ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം അപ്പോൾ പലസ്തീനിലായിരുന്നു. ആയതിനാൽ അദ്ദേഹം അവിടെയുണ്ടായിരുന്ന അറബികളായ കച്ചവടക്കാരെ വിളിച്ചു. അവരിൽ അബൂസുഫ്യാനും ഉണ്ടായിരുന്നു. അപ്പോൾ അദ്ദേഹം ഒരു അവിശ്വാസിയായിരുന്നു. അദ്ദേഹത്തോട് ചക്രവർത്തി പ്രവാചകനെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. കാരണം അദ്ദേഹം ഖുറൈഷി ഗോത്രത്തിലെ ഒരു പ്രധാനിയായിരുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ജനങ്ങളിൽപ്പെട്ട ആളുമായിരുന്നു.

ചക്രവർത്തി അബൂസുഫ്യാനോട് വളരെ കാര്യങ്ങൾ ചോദിച്ചു. അബൂസുഫ്യാൻ അതിനെല്ലാം സത്യസന്ധമായ ഉത്തരങ്ങൾ നൽകുകയുണ്ടായി. കാരണം അവിടെ സന്നിഹിതരായിരുന്ന അറബികൾ, അദ്ദേഹത്തെ ഒരു കള്ളനായി ചിത്രീകരിക്കാതിരിക്കുവാൻ വേണ്ടി ! ചക്രവർത്തി അബൂസുഫ്യാനോട് ചോദിച്ചു അദ്ദേഹം വല്ല വഞ്ചനയും മുമ്പ് ചെയ്തിട്ടുണ്ടോ എന്ന് ചോദിച്ചതിന് ഇല്ല എന്നാണ് ഉത്തരം പറഞ്ഞത്. അദ്ദേഹം നിങ്ങളോട് എന്തെല്ലാമാണ് ഉപദേശിക്കുന്നത് ? അബൂസുഫ്യാൻ പറഞ്ഞു അല്ലാഹുവിന്റെ മുൻപിൽ മാത്രം തല കുനിക്കുക. അവന്റെ അധികാരാവകാശങ്ങൾ മറ്റാർക്കും വകവച്ചു കൊടുക്കാതിരിക്കുക. നിങ്ങളുടെ പൂർവ്വ പിതാക്കളുടെ ആരാധ്യ വസ്തുക്കളെയെല്ലാം വെടിയുക. അപ്രകാരം തന്നെ നമസ്ക്കരിക്കുവാനും സത്യം പറയുവാനും സദാചാരനിഷ്ഠ മുറുകെ പിടിപ്പിക്കാനും കുടുംബ ബന്ധം പുലർത്തി പോരുവാനും അമാനത്തുകൾ അതിന്റെ അവകാശികൾക്ക് തിരിച്ചു നൽകുവാനും കൽപ്പിക്കുന്നു. ഇത് പ്രവാചകന്മാരുടെ സവിശേഷ ഗുണങ്ങളാണ്. നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ എന്റെ ഈ രണ്ട് പാദങ്ങൾ സ്പർശിച്ച സ്ഥലംകൂടി അദ്ദേഹം അധീനപ്പെടുത്തും. ഒരു നബി വരാൻ പോകുന്നുണ്ടെന്ന് എനിക്കറിവുണ്ടായിരുന്നു. പക്ഷെ ആ നബി നിങ്ങളിൽ (അറബികളിൽ) നിന്നാണെന്ന് ഞാൻ കരുതിയില്ല. എനിക്കദ്ദേഹത്തിന്റെയടുക്കൽ എത്തിച്ചേരാൻ കഴിയുമെന്നുറപ്പുണ്ടെങ്കിൽ അദ്ദേഹത്തെ കാണാൻ എന്തു വിഷമം സഹിക്കുവാനും ഞാൻ സന്നദ്ധനാകുമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ എത്തിച്ചേർന്നെങ്കിൽ അദ്ദേഹത്തിന്റെ രണ്ടു പാദങ്ങളും ഞാൻ കഴുകി കൊടുക്കുമായിരുന്നു. (ബുഖാരി)

അമാനത്ത് എന്നത് ഒരു നിർവ്വഹണോത്തരവാദിത്വമാണ്. എന്നാൽ മനുഷ്യൻ മാത്രമാണ് അത് ഏറ്റെടുക്കുവാൻ തയ്യാറായത്. വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു. **"നാം ആ അമാനത്ത് ആകാശങ്ങളുടെയും ഭൂമിയുടെയും പർവ്വതങ്ങളുടെയും മുമ്പിൽ വച്ചുകാട്ടി. പക്ഷേ അത് ഏറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും അതിനെ സംബന്ധിച്ച് ഭയപ്പെടുകയും ചെയ്തു. എന്നാൽ മനുഷ്യൻ അത് ഏറ്റെടുത്തു. തീർച്ചയായും അവൻ (തന്നോടുതന്നെ) അക്രമം പ്രവർത്തിക്കുന്നവനും അനന്തര ഫലത്തെ വളരെ അവഗണിക്കുന്നവനുമാണ്."** (33:73)

കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റാതിരിക്കുന്നതു അജ്ഞനും അതിക്രമകാരിയുമാണ്. വളരെയധികം ആളുകളും ഈ ഗണത്തിൽപ്പെടുന്നതാണ്. ആകാശങ്ങളും ഭൂമിയും വലിയ പർവ്വതങ്ങളും നിരാകരിച്ച അമാനത്തിനെ ഏറ്റെടുത്തത് ദുർബലനായ മനുഷ്യൻ മാത്രം. എന്നാൽ മനുഷ്യൻ ഈ ഉത്തരവാദിത്വങ്ങൾ ശരിയായ നിലയിൽ ഏറ്റെടുത്ത് പ്രവർത്തി പഥത്തിൽ കൊണ്ടു വന്നാൽ, വിശ്വാസത്താലും ധാർമ്മികതയാലും അതിനെ സമ്പന്നമാക്കിയാൽ, അമാനത്തിനെ കാത്തുസൂക്ഷിച്ചാൽ അവന് ലഭിക്കുന്നത് അനന്തമായ സന്തോഷമാണ്. ആയതിനാലാണ് മനുഷ്യൻ മറ്റു സൃഷ്ടികളിൽ നിന്ന് വളരെ ഉന്നതിയിലുള്ള സൃഷ്ടിയായത്. അമാനത്തിന്റെ പിൻബലത്തിൽ അവൻ സൃഷ്ടികളിൽ സമുന്നതനായി തീർന്നു. അവൻ ഔന്നത്യങ്ങൾ താണ്ടി കടക്കുന്നു. അവന് അല്ലാഹുവിന്റെ സ്നേഹവും അംഗീകാരവും ലഭിക്കുന്നു. തനിക്കുള്ള തത്വങ്ങൾക്കും മൂല്യങ്ങൾക്കും നന്ദി! തന്റെ ഇച്ഛയും അഹങ്കാരവും നല്ല നിലയിൽ പരിപാലിക്കുന്നതിലൂടെ, തന്റെ സത് ഇച്ഛകളെ പരിപോഷിപ്പിക്കുകയും, ആത്മാവിന് സത്യതയും ധൈര്യവും പകരുന്നതിലൂടെ, പാപക്കറകളെ നിരാകരിക്കുന്ന തരത്തിലുയരുകയും അധാർമ്മികതയേയും അനീതികളെയും അകറ്റുകയും ചെയ്യുന്ന അവസ്ഥയിലേക്കയുരന്നു. ഇത് അമാനത്ത് ഏറ്റെടുത്തതിന്റെ വിലയാണ്.

നന്മയും തിന്മയും, വിശ്വാസവും അവിശ്വാസവും, നീതിയും അനീതിയും ധാർമ്മികതയും അധാർമ്മികതയും, വിശ്വസ്തതയും വഞ്ചനയും ഇവയ്ക്കിടയിൽ ആത്മാവ് സത്യസന്ധതയിലും നന്മയിലും ആയിരിക്കുന്നിടത്തോളം കാലം ഉത്തമമായത് തെരഞ്ഞെടുക്കുന്നത് എളുപ്പമാണ്. നന്മ തിരഞ്ഞെടുക്കുവാനുള്ള പ്രയാസം, ഉത്തരവാദിത്വഭാരം, ഇവ ഒരുവന് അനുഭവപ്പെടുന്നത് ആത്മാവിനെ ഈ താൽക്കാലിക ലോകത്തെ കെട്ടുപാടുകളിലേക്ക് പിടിച്ച് വലിക്കുന്നതു കൊണ്ടാണ്; മാത്രമല്ല ഈ ഭൗതിക ലോകത്തെ സ്നേഹിച്ച് കഴിയണോ അതോ ശാശ്വതമായതിലേക്ക് തിരിയണോ എന്ന പിടിവലിയാണ് ആത്മാവ് കുരുങ്ങി കിടക്കുന്നത്.

അല്ലാഹു (ത) തറപ്പിച്ചു പറയുന്നു. മനുഷ്യനെ ഓർമപ്പെടുത്തുന്നു. അവന്റെ നല്ല തീരുമാനം അവനെ സ്വർഗ്ഗത്തിന്റെ ഉന്നതികളിലേക്ക് എത്തിക്കുന്നു. അനന്ത സന്തോഷത്തിൽ ആറാടുവാൻ കഴിയുന്നു. അവന്റെ നല്ല തെരഞ്ഞെടുപ്പും, നല്ല ഉദ്ദേശവും, നല്ല ക്ഷമയും ഉണ്ടോ എന്നറിയുവാൻ ഈ ലോകത്ത് അവന് കൈപ്പേറിയ അനുഭവങ്ങളും മുള്ളുകളും പ്രയാസങ്ങളും പരീക്ഷണാർത്ഥം നൽകപ്പെടുന്നതാണ്! അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു. **“എന്നാൽ സ്ഥിര ചിത്തത കൈക്കൊണ്ടവർക്കല്ലാതെ അത് പ്രാപ്യമാവുകയില്ല. (നന്മയുടെ) വലിയ ഒരംശം കരസ്ഥമാക്കിയവർക്കല്ലാതെ (അത് പ്രാപ്യമാവുകയില്ല) പിശാചിൽ നിന്നുള്ള വല്ല ദുഷ് പ്രേരണയും നിന്നെ ബാധിക്കുന്നതായാൽ, അപ്പോൾ നീ അല്ലാഹുവിനെ അഭയം പ്രാപിച്ചുകൊള്ളുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു” (41:36,37)**

മനുഷ്യൻ ഇതുപോലെയാകുന്നു. ശരിയായ തെരഞ്ഞെടുപ്പ് നടത്തുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. അതിന് അവൻ ക്ഷമ, സഹനത, ഇച്ഛാശക്തി ഇവ പ്രകടമാക്കേണ്ടി വരും. കാരണം അവൻ കാര്യങ്ങൾ കാണുന്നത് കണ്ണുകൾകൊണ്ടും അവന്റെ ഇന്ദ്രിയങ്ങൾകൊണ്ടുമാണ്. എന്നാൽ അവൻ വിശിഷ്ടമായത് തെരഞ്ഞെടുക്കുമ്പോൾ, അവന്റെ ആത്മാവ് ആകാശ ഉന്നതികളിലേക്ക് പറന്നു കയറുകയും ഈ ലോകവും അതിലെ ചെറിയ കാര്യങ്ങൾക്കപ്പുറമുള്ള വലിയ കാഴ്ചകൾ കാണുവാൻ കഴിയുന്നു. ബോധപൂർവ്വമുള്ള ഈ കാഴ്ചയും, തന്റെ വിശ്വാസ ദൃഢതയും മൂലം കാര്യങ്ങളെ അതിന്റെ യഥാർത്ഥ നിലയിലും വിലയിലും ദർശിക്കുവാൻ കഴിയുന്നു. അവസാന വിധി നാളിലെ സൗഭാഗ്യത്തെക്കുറിച്ച് ചിന്തിക്കുകയും അവന്റെ യഥാർത്ഥ വിശ്വാസത്തിലൂടെ ലഭ്യമാകുന്ന സൗഭാഗ്യത്തെ തൊട്ടറിയുകയും ഒരു ശാന്തത അനുഭവിച്ചറിയുകയും ചെയ്യുന്നു. ആത്മീയ പുരോഗതി നേടിയ ആത്മാവ് അവനെക്കൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്യിക്കുന്നു; അങ്ങനെ അവൻ ഒരു നല്ല മനുഷ്യനായി തീരുന്നു.

ഹസ്രത് ഉമ്മർ ഇബ്നു ഖത്താബ് (റ) പറഞ്ഞു. “ ഹേ ജനങ്ങളെ ! ഒരുവന്റെ വാക്കുകളിൽ നിങ്ങൾ വഞ്ചിതരായി പോകരുത്! അമാനത്തിനെ കാത്തു സൂക്ഷിക്കുന്നവന്റെ വാക്കുകൾ കേൾക്കുക! അവൻ ജനങ്ങളുടെ മഹത്വത്തെ മോശപ്പെടുത്തുന്നവനായിരിക്കുകയില്ല; അവനൊരു നല്ല മനുഷ്യനായിരിക്കും.ഇസ്ലാമിന്റെ മാനദണ്ഡമനുസരിച്ചായിരിക്കണം കാര്യങ്ങൾ തെരഞ്ഞെടുക്കേണ്ടത് ! നല്ല ഉദ്ദേശങ്ങൾ തെരഞ്ഞെടുക്കുക, നല്ല പ്രവർത്തനങ്ങൾ ചെയ്യുക, ഇതാണ് യഥാർത്ഥ അമാനത്ത്. കൊടുക്കൽ വാങ്ങലുകളും ഇപ്രകാരം തന്നെയായിരിക്കണം. കൂട്ടുകാരോടും നാം ഉത്തരവാദിത്വം ഏൽപ്പിക്കുന്നവരോടും അപ്രകാരം തന്നെയായിരിക്കണം. ജനങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നവരും സാധനങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവരും, പദവികളിൽ ഇരിക്കുന്നതും, കാര്യനിർവ്വഹണോദ്യോഗസ്ഥരും, സ്ഥാപനങ്ങളും എല്ലാം സത്യസന്ധമായും നിയമാനുസൃതവും ജോലികൾ ചെയ്യേണ്ടതാണ്. ഇതൊക്കെ വ്യക്തതാൽപര്യമനുസരിച്ച് ചെയ്താൽ അതിന്റെ പേര് ഖിയാനത്ത് അഥവാ വഞ്ചന എന്നാകുന്നു. അല്ലാഹു (ത) പറയുന്നു. ”വിശ്വസിച്ചവരെ, നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും വഞ്ചിക്കരുത്! നിങ്ങൾ അറിഞ്ഞുകൊണ്ട് നിങ്ങളുടെ അമാനത്തുകളിലും വഞ്ചന കാട്ടരുത്.“ അല്ലാഹുവിന്റെ തിരുദൂതർ ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. ” നിങ്ങളുടെ അമാനത്തിനെ വഞ്ചിച്ചാൽ, ചതിച്ചാൽ, അവഗണിച്ചാൽ, നിങ്ങൾ ആ സമയത്തെ കാത്തിരുന്നു കൊള്ളുക“ ബദവിയായ മനുഷ്യൻ തുടർന്നു ചോദിച്ചു. ”എങ്ങനെയാണ് ഇത് (അമാനത്ത്) നഷ്ടപ്പെടുത്തുന്നത്

അഥവാ വഞ്ചനകാട്ടുന്നത് ? പ്രവാചകർ (സ) മറുപടിയായി പറഞ്ഞു. ഒരു കാര്യം ചെയ്യുവാൻ യോഗ്യതയില്ലാത്ത ആളുകളെ അത് നിർവ്വഹിക്കുവാൻ ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ, പിന്നെ ആ സമയത്തിനായി കാത്തിരുന്നാൽ മതി. ദൗർഭാഗ്യവശാൽ അമാനത്തിനെ സംരക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്ത നേതാക്കന്മാർ, അതിൽ വഞ്ചന കാട്ടിയപ്പോൾ, അല്ലാഹു (ത) തന്റെ പ്രതിനിധിയെ തെരഞ്ഞെടുത്തയച്ചു. അമാനത്തിനെ ഈ നൂറ്റാണ്ടിൽ വീണ്ടും സംരക്ഷിക്കുവാനായി. ഈ പ്രകാശത്തിനു വേണ്ടി ദാഹിക്കുന്ന യഥാർത്ഥ സത്യാന്വേഷകരുടെ ഹൃദയങ്ങളിൽ വീണ്ടും അമാനത്തിനെ പുനഃസ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഞാൻ നിയോഗിതനായത്!

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ അല്ലാഹു (ത) വിശ്വസിച്ച് ഏൽപ്പിച്ചിരിക്കുന്ന അമാനത്ത്, നാമതിനെ സംരക്ഷിക്കണം. അതിലെ ഉത്തരവാദിത്വങ്ങൾ നിഷ്ക്കളങ്കതയോടെ നിർവ്വഹിക്കണം. ബൈഅത്തിലൂടെ നിങ്ങൾ ഏറ്റെടുത്ത അല്ലാഹുവിന്റെ അമാനത്തിനെ നിങ്ങൾ കാത്തു സൂക്ഷിക്കണം. ഈ നൂറ്റാണ്ടിൽ അത് നിർവ്വഹിക്കുമെന്ന് നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കരങ്ങളിൽ സമ്മതിച്ചതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സകലതും സമർപ്പിച്ച് ലോകത്തിന്റെ അറ്റങ്ങളോളം തൗഹീദിന്റെ ശബ്ദം എത്തിക്കേണ്ടതാണ്. സകലതും ത്യാഗം ചെയ്യുന്നതിലൂടെ, നിങ്ങൾക്ക് ലഭ്യമാകുന്നത് അല്ലാഹുവിനെയാണ്. ഈ നിധിയുടെ ഉടമസ്ഥരാകുവാൻ നിങ്ങൾ നിങ്ങളെ തന്നെ സമർപ്പിക്കേണ്ടതാണ്! നിങ്ങളുടെ ആത്മാവിൽ അല്ലാഹുവിന്റെ അസ്ഥിത്വം മാത്രമെ ഉണ്ടായിരിക്കാവൂ! അപ്പോൾ നിങ്ങളുടെ പ്രവർത്തനങ്ങൾ ദൈവീക ഇച്ഛയ്ക്കനുസരിച്ചായിരിക്കും ; അനന്തമായ സൗഭാഗ്യ സന്തോഷത്തിനായി! ഇൻശാ അല്ലാഹ് . ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************